# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.461** **05.06.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## നികുതി വരുമാനം

| ചോദ്യം<br>ശ്രീ.പി.കെ. ശശി : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിനു ലഭിച്ചതും കണക്കാക്കിയിരുന്നതുമായ നികുതി വരുമാനം ,അതിൽ വന്നിട്ടുള്ള കുറവ് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | 2017-18 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച വരുമാനം 42193.70 കോടി രൂപയും, ലഭിച്ച വരുമാനം 38407.20 കോടി (ജി.എസ്.ടിയും ജി.എസ്.ടി കോമ്പൻസേഷനും ഉൾപ്പെടെ) രൂപയും, അതിൽ കുറവ് വന്നിട്ടുള്ളത് 3786.5 കോടി രൂപയുമാണ്. |
| (ബി) | ജി.എസ്.ടി നടപ്പാക്കിയശേഷം 2016-17, 2017-18 വർഷങ്ങളിൽ ലഭിക്കേണ്ട കേന്ദ്ര സഹായം എത്രയെന്നും എത്ര തുക ലഭിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2015-16-ലെ നികുതി പിരിവിന്റെ 14 ശതമാനം വർദ്ധനവ് കണക്കാക്കി ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ നിന്നും എസ്.ജി.എസ്.ടി./വാറ്റ് കളക്ഷൻ കഴിച്ചുള്ള തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. ഇത് പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 2838 കോടി രൂപ നഷ്ടപരിഹാരമായി കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (സി) | നികുതിവെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കാനുമായി എന്തു നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ; | (സി) | നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കാനുമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. വാറ്റ് നികുതിയിനത്തിൽ കുടിശ്ശികയുള്ള റിട്ടേണുകൾ സിസ്റ്റം സ്കൂട്ടിണി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തും.<br>2. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.<br>3. കുടിശ്ശിക അസസ്സ്മെന്റ് കാര്യക്ഷമമാക്കും.<br>4. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>5. നികുതി ചോർച്ച തടയുന്നതിന് കർശന നടപടി സ്വീകരിക്കും.<br>6. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആംനസ്റ്റി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br>7. നികുതി വെട്ടിപ്പിനുള്ള പ്രധാന മാർഗ്ഗമായ റെയിൽവേ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കുന്നതാണ്.<br>ജി.എസ്.ടിയുമായി ബന്ധപ്പെട്ട റിട്ടേണുകൾ പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഇത് GSTIN സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മൂലമാണ്. റിട്ടേണുകളുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും നിലവിൽ ലഭ്യമല്ലാത്തതിനാൽ GST റിട്ടേൺ പരിശോധിച്ച് നികുതി അടവിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന്, നിലവിൽ പരിമിതികളുണ്ട്. GST യുമായി ബന്ധപ്പെട്ട് 2017-18 ന്റെ Annual Return ഡിസംബർ 2018 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്ക്രൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാം എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തർ സംസ്ഥാനത്തേയും സംസ്ഥാന ത്തിനകത്തേയും ചരക്ക് നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 01/04/2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തു നോക്കി നികുതി വെട്ടിപ്പ് നല്ലൊരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും. ഇതിനെ തുടർന്ന് ആനുപാതിക നികുതി വർദ്ധന പ്രതീക്ഷിക്കുന്നു. ഇ-വേ ബിൽ കൃത്യമായി ഫയൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തു എത്ര വ്യാപാരി കളുണ്ടെന്നും അതിൽ എത്ര ശതമാനം പേർ രജിസ്ട്രേഷൻ എടുത്തുവെന്നും എത്ര വ്യാപാരികൾ ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകാറുണ്ടെന്നും വ്യക്തമാ ക്കാമോ; | (ഡി) | വാറ്റ് നിയമ പ്രകാരം സംസ്ഥാനത്തു 2,65,128 വ്യാപാരികൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ഇതിൽ ഏകദേശം 98.24 ശതമാനം പേർ ജി.എസ്.ടി. യിൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. രജിസ്ട്രേഷൻ എടുത്ത എല്ലാ വ്യാപാരികളും ബില്ലുകൾ നിർബന്ധമായും നൽകണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. വ്യാപാരികൾ ഈ നിയമം പാലിക്കുന്നുണ്ടോ എന്ന് ഇന്റലിജൻസ് വിഭാഗം പരിശോധനയും നടത്തുന്നുണ്ട്. |
| (ഇ) | ബില്ലുകൾ നൽകാത്ത വ്യാപാരി കളേയും ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കാത്തവരേയും കണ്ടെത്തി പ്രസ്തുത മേഖലയിലെ അഴിമതി അവസാനിപ്പിക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനുമായി എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്നു വ്യക്തമാക്കുമോ? | (ഇ) | ബില്ലുകൾ നല്കാത്ത വ്യാപാരികളേയും ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കാത്തവരേയും കണ്ടെത്തി പ്രസ്തുത മേഖലയിലെ അഴിമതി അവസാനിപ്പിക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനുമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുകയും കടകളിൽ നിന്ന് ബില്ലുകൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുകയും ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**